# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3593</u> <u>17.10.2011-ൽ മറുപടിക്ക്</u>

### <u>മാങ്ങാട്ടുപറമ്പ് ഇ.കെ.നായനാർ ഗവൺമെന്റ് ആശുപത്രി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) മാങ്ങാട്ടുപറമ്പ് ഇ.കെ.നായനാർ ഗവൺമെന്റ് ആശുപത്രി കെട്ടിട നിർമ്മാണത്തിനായി എൻ.ആർ. എച്ച്.എം ഫണ്ടിൽ നിന്ന് അനുവദിച്ച 2.42 കോടി രൂപ ആശുപത്രിയുടെ അക്കൗണ്ടിൽ നിന്ന് എൻ.ആർ.എച്ച്.എം പിൻവലിച്ചിട്ടുണ്ടോ ; | (എ) മാങ്ങാട്ടുപറമ്പ് ഇ.കെ.നായനാർ ഗവൺമെന്റ് ആശുപത്രി കെട്ടിട നിർമ്മാണത്തിനായി എൻ.ആർ. എച്ച്.എം പദ്ധതി പ്രകാരം 45 ലക്ഷം രൂപയുടെ ഭരണാനുമതിയെ കേന്ദ്രസർക്കാർ നൽകിയിട്ടുള്ളൂ. ഈ തുക ആശുപത്രി അക്കൗണ്ടിലേയ്ക്ക് കൈമാറാനുള്ളതല്ല. |
| (ബി) ഉണ്ടെങ്കിൽ അതുമൂലം കെട്ടിട നിർമ്മാണം നിർത്തിവച്ച് കരാറുകാർ പിന്മാറിയ സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) 2.42 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിച്ചാൽ മാത്രമേ പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| (സി) ഏതു സാഹചര്യത്തിലാണ് ഫണ്ട് പിൻവലിച്ചത് ; | (സി) ഫണ്ട് ഇതിനായി ഇതുവരെയും ലഭ്യമായിട്ടില്ല. |
| (ഡി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി അനുവദിച്ച ഫണ്ട് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഈ പദ്ധതി 2012-13-ന് ലഭിക്കേണ്ട അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ